# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 16/05/ 2020

## വാഹനത്തിൽ കടത്തിയ വാറ്റുചാരായം പിടിച്ചെടുത്തു. 2 പേർ അറസ്റ്റിൽ

കൊല്ലം : സർക്കാർ ലോക്-ഡൗൺ പ്രഖ്യാപിച്ച് ബിവറേജസ് ഔട്ടലെറ്റുകളും മദ്യ വിൽപ്പന ശാലകളും അടച്ച് മദ്യ വിൽപ്പന നിരോധിച്ചിരിക്കെ കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കോയിക്കൽ മംഗലശ്ശേരി ജംഗ്ഷനിൽ വച്ച് KL-02 AE 9039 -ം നമ്പർ സ്കൂട്ടറിൽ കൊണ്ടു വരികയായിരുന്ന പ്ലാസ്റ്റിക് കുപ്പിയിൽ നിറച്ചിരുന്ന 750 മില്ലി ലിറ്റർ ചാരായം കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച വിവരത്തെത്തുടർന്ന് നടത്തിയ പരിശോധനയിൽ പിടിച്ചെടുക്കുകയും വാഹനം ഓടിച്ചിരുന്ന കിളികൊല്ലൂർ കന്നിമേൽചേരി കുളങ്ങര കിഴക്കതിൽ രാജനെ(49) പിടികൂടുകയും ചെയ്തു.പരവൂരിൽ നിന്നും കോയിക്കലേക്ക് സ്ക്കൂട്ടറിൽ വരവെയാണ് കാറ്റിംഗ് സർവീസ് നടത്തുന്ന ഇയാൾ പിടിയിലായത്.കിളികൊല്ലൂർ സബ് ഇൻസ്പെക്ടർ ശ്യാം സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ ജയകുമാർ ഡാൻസാഫ് ടീമംഗങ്ങളായ ബൈജു.പി.ജെറോം, സീനു, മനു, സജു, റിപു, രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇയാൾക്ക് ചാരായം ലഭിച്ചത് പരവൂർ പോലീസ് സ്റേഷൻ പരിധിയിൽ ഒഴുകുപാറ പുന്നമുക്ക് കുന്നുംപുറത്ത് ബിനു മോന്റെ (44) കൈവശം നിന്നാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരവൂർ പോലീസ് നടത്തിയ പരിശോധനയിൽ ടിയാന്റെ  വീടിന്റെ അടുക്കളയിൽ ചാരായം വാറ്റുന്നതിനുള്ള തയാറെടുപ്പുകൾ നടത്തി വരുന്നതായി കണ്ടെത്തുകയും വാറ്റുപകരണങ്ങൾ പിടിച്ചെടുത്ത് ടിയാനെ അറസ്റ്റ് ചെയ്യുകയും ചെയ്തത്. പരവൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ജോയിക്കുട്ടി, എ.എസ്.ഐ ഷൂജ, സി.പി.ഒ അജേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.